പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 686 24.01. 2018 ൽ മറുപടിക്ക്

## കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സംസ്ഥാന വൈദ്യുത മന്ത്രിമാരുടെ യോഗം

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

"ഡി.കെ.മുരളി

"യു.ആർ.പ്രദീപ്

" സി.കെ.ശശീന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിൽ വച്ച് നടന്ന സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം സ്വീകരിച്ച നിലപാടുകളും ഉന്നയിച്ച ആവശ്യങ്ങളും എന്തൊക്കെയായിരുന്നു; | (എ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിൽ വച്ച നടന്ന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനമായവ താഴെ കൊടുത്തിരിക്കുന്നു.<br>(1) ചെറുകിട ജലവൈദ്യുതി പദ്ധതികൾക്ക് മാത്രം (25 മെഗവാട്ടിൽ താഴെയുള്ള പദ്ധതികൾക്ക്) നൽകുന്ന ധനസഹായം എല്ലാ പദ്ധതികൾക്കും ലഭ്യമാക്കുക.<br>(2) ഡാമുകൾ, കനാലുകൾ, റിസർവ്വോയറുകൾ ഇവിടങ്ങളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾക്ക് മെഗാവാട്ടിന് കുറഞ്ഞത് 2 കോടി നിരക്കിൽ സഹായം നൽകുക.<br>(3) വൈദ്യുത സ്മാർട്ട് മീറ്ററുകൾക്കായി ഒരു കേന്ദ്ര പദ്ധതി നടപ്പിലാക്കുക.<br>(4) വൈദ്യുതി-വാഹനങ്ങൾക്കു വേണ്ട ചാർജ്ജിംഗ് സ്റ്റേഷൻ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുക.<br>(5) സമ്പൂർണ്ണ വൈദ്യുതീകരണം നേരത്തേ കൈവരിച്ചു എന്ന കാരണത്താൽ അതു ലക്ഷ്യമാക്കി കേന്ദ്ര ഗവൺമെന്റ് പൊതുവേ നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് തടയുക.<br>(6) കേരളത്തിന്റെ വൈദ്യുതി ഇറക്കുമതി ആവശ്യം പരിഗണിക്കുമ്പോൾ പ്രസരണ ഇടനാഴികളുടെ ശേഷി 3500 മെഗാവാട്ട് വേണ്ടി വരുമെന്നതിനാൽ പുതിയ പ്രസരണ ലൈനുകളെക്കുറിച്ചുള്ള തീരുമാനങ്ങളിൽ കേരളം നേരിടുന്ന മേൽപ്പറഞ്ഞ അപര്യാപ്തത പരിഗണിച്ച് വേണ്ട നടപടി സ്വീകരിയ്ക്കണം. |

| | |
|---|---|
| | (7) ഡി.ഡി.യു.ജി.ജെ.വൈ, ഐ.പി.ഡി.എസ് തുടങ്ങിയ കേന്ദ്ര പദ്ധതികൾ ഡിസംബർ 2018 ന ശേഷവും നില നിർത്തണം.<br>(8) വൈദ്യുതി നിയമഭേദഗതി നീക്കത്തിൽ നിന്നും പിന്തിരിയുകയും സംസ്ഥാനത്തിന്റെ വൈദ്യുതി ഘടന നിർണ്ണയിക്കാൻ സംസ്ഥാനത്തിന് അധികാരം നൽകുകയും ചെയ്യുക. |
| (ബി) വൈദ്യുതി മേഖലയെ വിഭജിക്കണമെന്ന നിർദ്ദിഷ്ട കേന്ദ്ര നിയമഭേദഗതി വഴി വാണിജ്യവത്ക്കരണത്തിനു ആക്കംകൂട്ടി കേരളം പോലെയുള്ള സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന പൊതുമേഖലാ വൈദ്യുതി കമ്പനികളെ പ്രതിസന്ധിയിലാക്കാനുള്ള നീക്കത്തിൽ നിന്നും പിൻതിരിയാൻ കേന്ദ്ര സർക്കാരിനോടു ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) വിവിധ തലങ്ങളിൽ മദ്ധ്യവർത്തി കമ്പനികൾ രൂപീകരിക്കണമെന്ന നിർദ്ദേശം പൊതുമേഖലയുടെ മുതൽ മുടക്കിൽ സ്വകാര്യ മേഖലയ്ക്ക് ലാഭം കൊയ്യാൻ വേണ്ടിയുള്ള സംവിധാനമയി മാറാനിടയുള്ള കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ മറുപടി എന്തായിരുന്നുവെന്ന് അറിയിക്കാമോ? | (സി) സംസ്ഥാനത്തുള്ള ചെലവ് കുറഞ്ഞ ജലവൈദ്യുത പദ്ധതികളിൽ നിന്നും, കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി കൊണ്ടാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കും (200 യൂണിറ്റിന് താഴെ), കാർഷിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നത്.<br>എന്നാൽ സംസ്ഥാനത്ത് ലഭ്യമാക്കുന്ന മേൽപ്പറഞ്ഞ സ്രോതസ്സുകളിൽ നിന്നുള്ള ചിലവ് കുറഞ്ഞ വൈദ്യുതി, ഇന്റർമീഡിയറി കമ്പനി വഴി സ്വകാര്യ സപ്ലൈ ലൈസൻസികൾക്ക് ലഭിക്കുന്ന പക്ഷം ടി കമ്പനിയിൽ താല്പര്യമുള്ള വൻകിട ഉപഭോക്താക്കൾക്ക് വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നതും, നിലവിലുള്ള ക്രോസ് സബ് സിഡി ഇല്ലാതാകുന്നതുമാണ്.<br>മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്ത് ഒരു ഇന്റർമീഡിയറി കമ്പനി ആവശ്യമില്ലെന്ന അഭിപ്രായം കെ.എസ്.ഇ.ബി.എൽ പാർലമെന്റ് സ്റ്റാന്റിംങ് കമ്മറ്റിയെ അറിയിച്ചിട്ടുണ്ട്. ഇതിന് കേന്ദ്ര സർക്കാരിന്റെ മറുപടി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ